ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

TIME: 12.30 PM

## പ്രധാനവാർത്തകൾ

DATE : 03.05.2026

1. കേരളം ഉൾപ്പെടെ നിയമസഭാ തെരഞ്ഞെടുപ്പ് നടന്ന നാല് സംസ്ഥാനങ്ങളിലും പുതുച്ചേരിയിലും വോട്ടെണ്ണലിനായുള്ള ഒരുക്കങ്ങൾ പൂർത്തിയായി. വോട്ടെണ്ണൽ നാളെ രാവിലെ എട്ടിന് ആരംഭിക്കും.
2. സംസ്ഥാനത്ത്, എല്ലാ ജില്ലകളിലെയും വോട്ടെണ്ണൽ കേന്ദ്രങ്ങളിൽ ശക്തമായ സുരക്ഷാക്രമീകരണം. അക്രമങ്ങൾ തടയുന്നതിനായുള്ള നടപടികൾ കർശനമാക്കി.
3. പശ്ചിമ ബംഗാളിലെ ഫാൾട്ടാ നിയമസഭാ മണ്ഡലത്തിലെ വോട്ടെടുപ്പ് തിരഞ്ഞെടുപ്പ് കമ്മീഷൻ റദ്ദാക്കി. റീപോളിംഗ് ഈ മാസം 21 ന്.
4. 'ഒരു സമാധാന ഭാവിക്ക് രൂപം നൽകൽ' എന്ന പ്രമേയത്തിൽ ഇന്ന് ലോക പത്ര സ്വാതന്ത്ര്യ ദിനം.
5. സംസ്ഥാനത്ത് മറ്റന്നാൾ വരെ കനത്ത മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇന്ന് നാല് ജില്ലകളിൽ മഞ്ഞ ജാഗ്രത.
6. ഐപിഎല്ലിൽ ഇന്ന് ഹൈദരാബാദ് - കൊൽക്കത്തയെയും, ഗുജറാത്ത്-പഞ്ചാബിനെയും നേരിടും. ഇന്ത്യൻ വനിതാ ഫുട്ബോൾ ലീഗിൽ ഗോകുലം കേരള - ഈസ്റ്റ് ബംഗാൾ പോരാട്ടം.

RIUTVPM

## വോട്ടെണ്ണൽ - കേരളം

കേരളം, പശ്ചിമബംഗാൾ, അസം, തമിഴ്നാട്, പുതുച്ചേരി എന്നിവിടങ്ങളിൽ നിയമസഭാ തെരഞ്ഞെടുപ്പിൻറെ വോട്ടെണ്ണലിനായുള്ള ഒരുക്കങ്ങൾ പൂർത്തിയായി. നാളെ രാവിലെ എട്ടിനാണ് വോട്ടെണ്ണൽ ആരംഭിക്കുക. കേരളത്തിൽ 43 സ്ഥലങ്ങളിലായുള്ള 140 കേന്ദ്രങ്ങളിലാണ് വോട്ടെണ്ണൽ നടക്കുന്നത്. റിട്ടേണിങ് ഓഫിസർമാർ അടക്കം എല്ലാവർക്കും ക്യൂആർ കോഡ് അധിഷ്ഠിത ഫോട്ടോ തിരിച്ചറിയൽ കാർഡ് ഏർപ്പെടുത്തിയിട്ടുണ്ട്. തപാൽ വോട്ടുകളാണ് ആദ്യം എണ്ണിത്തുടങ്ങുക. ഇതിന് അര മണിക്കൂറിനു ശേഷം വോട്ടിങ് യന്ത്രങ്ങളിലെ വോട്ടുകളെണ്ണും. വോട്ടെണ്ണലിന്റെ ഓരോ റൗണ്ട് പൂർത്തിയാകുമ്പോഴും തെരഞ്ഞെടുപ്പ് കമ്മീഷന്റെ ആപ്പിൽ ഏറ്റവും പുതിയ വിവരങ്ങൾ ലഭ്യമാക്കും.

---

## തമിഴ്നാട് - പശ്ചിമബംഗാൾ - വോട്ടെണ്ണൽ

തമിഴ്നാട്ടിൽ 62 കേന്ദ്രങ്ങളിലായാണ് വോട്ടെണ്ണൽ നടക്കുക. 4,624 സൂക്ഷ്മ നിരീക്ഷകർ, 234 കൗണ്ടിങ് നിരീക്ഷകർ എന്നിവർ നടപടികൾ വിലയിരുത്തും. തമിഴ്നാട് പൊലീസിന് പുറമെ 65 കമ്പനി കേന്ദ്ര സായുധ സേനകളെയും സംസ്ഥാനത്ത് വിന്യസിച്ചിട്ടുണ്ട്. പശ്ചിമ ബംഗാളിൽ വിപുലമായ സുരക്ഷാ ക്രമീകരണങ്ങളാണ് ഒരുക്കിയിരിക്കുന്നത്.165 അധിക കൗണ്ടിംഗ് നിരീക്ഷകരെയും, വോട്ടെണ്ണൽ കേന്ദ്രങ്ങളുടെ സുരക്ഷ ശക്തിപ്പെടുത്തുന്നതിനായി 77 പോലീസ് നിരീക്ഷകരെയും വിന്യസിച്ചിട്ടുണ്ട്.

---

## കോഴിക്കോട് (ഇൻട്രോ)

RAJUTVPM

കോഴിക്കോട് ജില്ലയിലെ 13 നിയമസഭാ മണ്ഡലങ്ങളിലെ വോട്ടെണ്ണലിനുള്ള ഒരുക്കങ്ങൾ പൂർത്തിയായി. നടപടികളുടെ സുഗമമായ നടത്തിപ്പിനായുള്ള മാർഗനിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്.

**വിശദാംശങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർ ബാബു.....**

(വോയ്സ്)

---

## ഫാൾട്ടാ നിയമസഭ

പശ്ചിമ ബംഗാളിലെ ഫാൾട്ടാ നിയമസഭാ മണ്ഡലത്തിലെ വോട്ടെടുപ്പ് റദ്ദാക്കി തിരഞ്ഞെടുപ്പ് കമ്മീഷൻ. സൗത്ത് 24 പർഗാനാസ് ജില്ലയിൽ ഉൾപ്പെട്ട മണ്ഡലമായ ഫാൾട്ടായിലെ 285 ബൂത്തുകളിലും ഈ മാസം 21 ന് വീണ്ടും വോട്ടെടുപ്പ് നടക്കും. മെയ് 24 ന് ആയിരിക്കും വോട്ടെണ്ണൽ. കഴിഞ്ഞ മാസം 29 ന് നടന്ന വോട്ടെടുപ്പിൽ മണ്ഡലത്തിൽ ക്രമക്കേടുകൾ നടന്നെന്ന റിപ്പോർട്ടുകൾ പരിഗണിച്ചാണ് നടപടി.

RNU TVPM

---

## കണ്ണൂർ - വോട്ടെണ്ണൽ (ഇൻട്രോ)

കണ്ണൂർ ജില്ലയിലെ 11 മണ്ഡലങ്ങളിലെയും വോട്ടെണ്ണലിനുള്ള ഒരുക്കങ്ങൾ പൂർത്തിയായി. ജില്ലയിലെ മൂന്ന് കേന്ദ്രങ്ങളിലായാണ് വോട്ടെണ്ണൽ നടക്കുക. ശക്തമായ സുരക്ഷാക്രമീകരണങ്ങളാണ് ഇതിന്റെ ഭാഗമായി ഒരുക്കുന്നത്.

**വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ...**

(വോയിസ്)

---

## ആകാശവാണി - വോട്ടെണ്ണൽ

നിയമസഭാ തിരഞ്ഞെടുപ്പിന്റെ വോട്ടെണ്ണൽ ദിനത്തിൽ, ആധികാരികവും കൃത്യവുമായ വിവരങ്ങൾ തത്സമയം ശ്രോതാക്കളിലെത്തിക്കാൻ ആകാശവാണി വിപുലമായ ക്രമീകരണങ്ങളാണ് ഒരുക്കിയിരിക്കുന്നത്. വോട്ടെണ്ണൽ ദിനമായ നാളെ, രാവിലെ 9 മണി മുതൽ രാത്രി 8.35 വരെ പതിവ് വാർത്താ പ്രക്ഷേപണത്തിന് പുറമേ ഓരോ മണിക്കൂർ ഇടവിട്ട് പ്രത്യേക വാർത്താ ബുള്ളറ്റിനുകളും തിരഞ്ഞെടുപ്പ് വിശകലന പരിപാടികളും ആകാശവാണി പ്രക്ഷേപണം ചെയ്യും.

---

## ഡൽഹി - തീപിടുത്തം

ഡൽഹിയിലെ വിവേക് വിഹാർ മേഖലയിലെ കെട്ടിടത്തിൽ ഇന്ന് പുലർച്ചെ ഉണ്ടായ വൻ തീപിടുത്തത്തിൽ 9 പേർ മരിച്ചു. രാവിലെ 6:25 ഓടെ തീ നിയന്ത്രണവിധേയമാക്കിയതായും 15 പേരെ രക്ഷപ്പെടുത്തിയതായും ഡൽഹി അഗ്നിരക്ഷാ സേന അറിയിച്ചു.

RNU TVPM

---

## കപ്പൽ - ഹോർമുസ്

46 ആയിരത്തി, 313 മെട്രിക് ടൺ എൽപിജിയുമായി ഒരു കപ്പൽ കൂടി ഹോർമുസ് കടലിടുക്ക് സുരക്ഷിതമായി കടന്നു. 18 ഇന്ത്യക്കാരുൾപ്പടെ 20 ജീവനക്കാരുള്ള എംടി സർവ് ശക്തി കപ്പൽ ഈ മാസം 13 ന് വിശാഖപട്ടണത്ത് എത്തുമെന്ന് ഔദ്യോഗിക വൃത്തങ്ങൾ അറിയിച്ചു.

## ലോക പത്ര സ്വാതന്ത്ര്യ ദിനം

ഇന്ന് ലോക പത്ര സ്വാതന്ത്ര്യ ദിനം. ഒരു സമാധാന ഭാവിക്ക് രൂപം നൽകൽ' എന്നതാണ് ഇത്തവണത്തെ ദിനാചരണ പ്രമേയം. മാധ്യമങ്ങൾക്ക് സ്വാതന്ത്ര്യത്തോടെ പ്രവർത്തിക്കാൻ ഉതകുന്ന വിവിധ മുന്നേറ്റങ്ങൾക്ക് അവസരമൊരുക്കാൻ പ്രോത്സാഹനം നൽകുന്നത് ലക്ഷ്യമിട്ടാണ് ഈ ദിനം ലോകമെങ്ങും ആഘോഷിക്കുന്നത്.

## നീറ്റ് - പരീക്ഷ

അഖിലേന്ത്യാ മെഡിക്കൽ ബിരുദ പ്രവേശന പരീക്ഷയായ NEET ഇന്ന് നടക്കും. ഉച്ചയ്ക്ക് 2 മണി മുതൽ 5 വരെയാണ് പരീക്ഷ. മെഡിക്കൽ ബിരുദ കോഴ്സുകളിലെ പ്രവേശനം ലക്ഷ്യമിട്ട് നാഷണൽ ടെസ്റ്റിംഗ് ഏജൻസി ആണ് 2019 മുതൽ NEET പരീക്ഷ നടത്തി വരുന്നത്.

RNU TVPM

## നീറ്റ് - യുഎഇ

NEET പരീക്ഷയ്ക്ക് ദുബായിലും ഷാർജയിലും പരീക്ഷാ കേന്ദ്രങ്ങൾ. യുഎഇയിലെ ഇന്ത്യൻ വിദ്യാർത്ഥികൾക്കായി, ദുബായിലെ ഇന്ത്യൻ ഹൈസ്കൂളും, ഷാർജയിലെ, ഷാർജ ഇന്ത്യൻ സ്കൂളുമാണ് പരീക്ഷാ കേന്ദ്രങ്ങളായി നിശ്ചയിച്ചിരിക്കുന്നത്. ദുബായിലെ കോൺസുലേറ്റ് ജനറൽ ഓഫ് ഇന്ത്യയുടെ മേൽനോട്ടത്തിലാണ് പരീക്ഷ.

## ഇടുക്കി (ഇൻട്രോ)

ഇടുക്കിയുടെ ഹരിതഭംഗിക്ക് പുതിയ മഞ്ഞച്ചാർത്ത്. ജില്ലയിലെ ചരിത്രപ്രസിദ്ധമായ മക്കുവള്ളി ഗ്രാമത്തിലെ സൂര്യകാന്തി പാടങ്ങൾ സഞ്ചാരികളുടെ ശ്രദ്ധയാകർഷിക്കുകയാണ്.

**ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ തയ്യാറാക്കിയ റിപ്പോർട്ട്.....**

(വോയിസ്)

ശ്രഝശ്രഝഝശ്രഝശ്രഝഝ

## അറസ്റ്റ് ചെയ്തു

പുനലൂർ പിറവന്തൂരിലെ ബോയ്സ് ഹോമിൽ പണം മോഷ്ടിച്ചെന്ന് ആരോപിച്ച് 12 വയസ്സുകാരനെ തലകീഴായി കെട്ടിത്തൂക്കി മർദ്ദിച്ച സംഭവത്തിൽ രണ്ടുപേരെ അറസ്റ്റ് ചെയ്തു. വെട്ടിത്തിട്ട ലിവിങ് വാട്ടർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തിയോളജിയിലെ പാചകക്കാരൻ റാന്നി വെച്ചൂച്ചിറ സ്വദേശി ലിജു, ജീവനക്കാരൻ കുന്നിക്കോട് സ്വദേശി ടോം എന്നിവരെയാണ് പുനലൂർ പോലീസ് അറസ്റ്റ് ചെയ്തത്. പ്രതികളെ റിമാൻഡ് ചെയ്തു.

RNU TVPM

ശ്രഝശ്രഝഝശ്രഝശ്രഝഝ

## കാലാവസ്ഥ

കേരളത്തിൽ വിവിധ ഇടങ്ങളിൽ മറ്റന്നാൾ വരെ ഇടിമിന്നലോട് കൂടിയ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്.

ശ്രഝശ്രഝഝശ്രഝശ്രഝഝ

## തെരുവുനായ - ആക്രമണം

മലപ്പുറം പരപ്പനങ്ങാടി ഒട്ടുമ്മൽ ബീച്ചിൽ 10 പേർക്ക് തെരുവുനായയുടെ കടിയേറ്റു. പരിക്കേറ്റ 7 പേരെ തിരൂരങ്ങാടി താലൂക്ക് ആശുപത്രിയിലും 3 പേരെ കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിലും പ്രവേശിപ്പിച്ചു.

---

## സോളാർ തൂക്കുവേലി - നിർമാണം

കണ്ണൂർ അയ്യൻകുന്നിൽ കാട്ടാന ശല്യം തടയുന്നതിനായി സ്ഥാപിക്കുന്ന സോളാർ തൂക്കുവേലിയുടെ നിർമാണം ഈ മാസം 31-നുള്ളിൽ പൂർത്തിയാക്കും. തൊഴിലാളികളുടെ കുറവ് പരിഹരിക്കാൻ പ്രദേശവാസികളെ വേലിനിർമാണത്തിൽ പങ്കാളികളാക്കാനും ഉന്നതതല അവലോകയോഗം തീരുമാനിച്ചു.

---

## ഐപിഎൽ

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് രണ്ട് മത്സരങ്ങൾ. ഉച്ചകഴിഞ്ഞ് 3:30 ന് ഹൈദരാബാദിൽ നടക്കുന്ന മത്സരത്തിൽ സൺറൈസേഴ്സ് ഹൈദരാബാദ് - കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനേയും, രാത്രി 7:30 ന്, ഗുജറാത്ത് ടൈറ്റൻസ് - പഞ്ചാബ് കിംഗ്സിനെയും നേരിടും. ഇന്നലെ നടന്ന മത്സരത്തിൽ ചെന്നൈ സൂപ്പർ കിംഗ്സ് - മുംബൈ ഇന്ത്യൻസിനെ 8 വിക്കറ്റിന് പരാജയപ്പെടുത്തി.

RNU TVPM

---

## ഇന്ത്യൻ വനിതാ ഫുട്ബോൾ ലീഗ്

ഇന്ത്യൻ വനിതാ ഫുട്ബോൾ ലീഗിൽ ഇന്ന് ഗോകുലം കേരള, ഈസ്റ്റ് ബംഗാളിനെ നേരിടും. കൊൽക്കത്തയിൽ രാത്രി എട്ടിനാണ് മത്സരം.

ശ്രദ്ധശ്രദ്ധശ്രദ്ധശ്രദ്ധ

## കൊട്ടിയൂർ വൈശാഖോത്സവം

കൊട്ടിയൂർ വൈശാഖോത്സവം മെയ് 28-ന് നെയ്യാട്ടത്തോടെ ആരംഭിക്കും. വൈശാഖോത്സവത്തിന്റെ ചടങ്ങുകളും തീയതിയും നിശ്ചയിക്കുന്ന 'പ്രക്കൂഴം' ഇക്കരെ കൊട്ടിയൂരിൽ നടന്നു. മേയ് 23നാണ് അക്കരെ കൊട്ടിയൂരിലേക്ക് നീരെഴുന്നള്ളത്ത് നടക്കുക.

ശ്രദ്ധശ്രദ്ധശ്രദ്ധശ്രദ്ധ

## തൃശൂർ വാഹനാപകടം

തൃശ്ശൂർ എരുമപ്പെട്ടിയിൽ പ്രഭാതസവാരിക്കിടെ കാർ ഇടിച്ച് യുവാവ് മരിച്ചു. എരുമപ്പെട്ടി സ്വദേശി അബു താഹിർ ആണ് മരിച്ചത്.

RNU TVPM

ശ്രദ്ധശ്രദ്ധശ്രദ്ധശ്രദ്ധ

## അപകടം കണ്ണൂർ

കണ്ണൂർ പള്ളിക്കുളത്ത് കെ.എസ്ആർ.ടി.സി ബസ്സും ബൈക്കും കൂട്ടിയിടിച്ച് ഒരാൾ മരിച്ചു. പള്ളിക്കുന്ന് സ്വദേശി ഷിജിൽ ആണ് മരിച്ചത്. ഗുരുതരമായി പരിക്കേറ്റ രണ്ടുപേരെ, മംഗലാപുരത്തെ ആശുപത്രിയിലേക്ക് കൊണ്ടുപോയി. ഇന്ന് പുലർച്ചയാണ് അപകടം ഉണ്ടായത്.

ശ്രദ്ധശ്രദ്ധശ്രദ്ധശ്രദ്ധ

## തൃശൂർ - മയക്കുമരുന്ന് പിടിച്ചു

തൃശ്ശൂർ വാണിയമ്പാറയിൽ കാറിൽ കടത്തിയ 25 ഗ്രാം എംഡിഎംഎ യുമായി രണ്ട് പേരെ എക്സൈസ് ഇന്റലിജൻസ് വിഭാഗം പിടികൂടി. സംഭവവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം

സ്വദേശി ബിബിൻ രാജ്, കുരിയച്ചിറ സ്വദേശി ഷൈൻ ജോസ് എന്നിവരെ അറസ്റ്റ് ചെയ്തു.

✠

✠✠✠✠✠

✠✠✠✠✠✠✠✠✠✠✠✠✠

RNU TVPM